പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3873 — 21.10.2016 ലെ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക കടാശ്വാസ കമ്മീഷൻ **(എ)** നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് കമ്മീഷൻ മുഖേന നടപ്പിലാക്കി വരുന്നത്; | ഉണ്ട്. കാർഷിക മേഖലയിൽ ഉണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18.01.2007 ന് മുമ്പായി സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകി വരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ച് വരുന്നു. കടക്കെണിയിലായ കർഷകരുടെ കാര്യത്തിൽ കമ്മീഷൻ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാദ്ധ്യമായ ഇടപെടൽ നടത്തുകയും ജപ്തി നടപടികൾക്ക് സ്റ്റേ അനുവദിക്കുകയും തുടർന്ന് അർഹരായവർക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്യുന്നു. |
| (ബി) ഭാവിയിൽ ഒരു കർഷകൻ പോലും **(ബി)** ആത്മഹത്യ ചെയ്യാതിരിക്കുന്നതിനായി കമ്മീഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം നൽകുമോ? | കർഷകർക്ക് ആശ്വാസം നല്കുന്നതിലേക്കായി കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21 മുതൽ 3 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ